# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1316** — **06.03.2020 ൽ മറുപടിയ്ക്ക്**

**ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. രാജൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

എ) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയോടൊപ്പം വിഷവിമുക്ത പച്ചക്കറിയുല്പാദനം ലക്ഷ്യമിട്ട് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം വിഷവിമുക്ത പച്ചക്കറി സംസ്ഥാനത്തൊട്ടാകെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോട്ടുകൂടി "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം 2016-17 വർഷത്തിൽ 7.25 ലക്ഷം മെട്രിക് ടൺ ഉണ്ടായിരുന്നത് 2018-19 ൽ 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. വർഷം മുഴുവനും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ലഭിക്കുന്നതിനായും ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനും വിഷവിമുക്തമായ പച്ചക്കറികൾ വീട്ടുവളപ്പിൽ തന്നെ വർഷം മുഴുവൻ ഉല്പാദിപ്പിക്കുവാനും ജീവനി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള നമ്മുടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി, തഴുതാമ, കുടങ്ങൽ, വാളരിപ്പയർ, ചെക്കർമാണിസ്, കോവൽ, ചതുരപ്പയർ എന്നിവ വീട്ടുവളപ്പിൽ നട്ടുവളർത്തി വിളവെടുക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

**കൃഷി പാഠശാല**

കേരളത്തിലെ ജനതയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമായി ആവിഷ്കരിച്ചിരിക്കുന്ന പരിശീലന/ബോധവല്കരണ പരിപാടിയാണ് 'കൃഷി

പാഠശാല'. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് അനുവർത്തിക്കേണ്ട കൃഷിമുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു.

**ആരോഗ്യ വകുപ്പുമായി സംയോജിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ**

ആരോഗ്യത്തിനായി സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പ്, ഡയറ്റീഷ്യൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റ്, ഹരിത കേരള മിഷന്റെ ഉപഘടകമായ സുജലം സുഫലം, പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ബോധവല്ക്കരണം നടത്തുന്നു. ഈ ബോധവല്ക്കരണ പരിപാടിയിൽ ഒരു വ്യക്തിയ്ക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാനുള്ള ഭക്ഷണ ക്രമത്തെക്കുറിച്ച് (ഹെൽത്തി പ്ലേറ്റ്) അവബോധം നൽകുന്നു.

**വീട്ടുവളപ്പിലെ പച്ചക്കറി കൃഷി**

എല്ലാ വീട്ടുവളപ്പിലും വിഷ രഹിത പച്ചക്കറി വർഷം മുഴുവൻ ലഭിക്കുന്നതിനായി കീടരോഗ പ്രതിരോധ ശേഷിയുള്ള പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, ബഹുവർഷ പച്ചക്കറി ഇനങ്ങൾ, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി മുതലായവ കൃഷി ചെയ്തു വരുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്കു നൽകുന്നു. കൂടാതെ മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ഗ്രോബാഗ് യൂണിറ്റുകളുടെ തുടർ കൃഷിയ്ക്കായുള്ള സാമ്പത്തിക സഹായവും നൽകി വരുന്നു.

**പോഷകത്തോട്ടം**

സുരക്ഷിതമായ പഴങ്ങളും, പച്ചക്കറികളും നഗര/ഗ്രാമ പ്രദേശത്തെ വീട്ടുവളപ്പുകളിൽ കൃഷിചെയ്യുക, ഇതോടൊപ്പം പ്രദർശനത്തോട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ ജില്ല/ബ്ലോക്ക്/ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ ജനപ്രതിനിധികളുടെ, അംഗീകരിക്കപ്പെട്ടിട്ടുള്ള മാധ്യമ

പ്രവർത്തകരുടെ വാസസ്ഥലത്തോ അവർക്കു സ്വീകാര്യമായ മറ്റ് ഇടങ്ങളിലോ, ജൈവ രീതിയിലുള്ള പോഷകപ്രദർശനത്തോട്ടം നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കായി കറിവേപ്പ്, മുരിങ്ങ, പപ്പായ, അഗത്തി എന്നിവ കൃഷി ചെയ്യുന്നു.

**വിത്ത് കൈമാറ്റ കൂട്ടായ്മ**

കർഷകരുടെ കൈവശമുള്ള നാടൻ വിത്തുകൾ പരസ്പരം കൈമാറുന്നതിനായുള്ള വിത്തു കൈമാറ്റ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിലൂടെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി ആരംഭിച്ചിട്ടുണ്ട്.

**വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി**

വിദ്യാലയങ്ങൾ, പൊതു/സ്വകാര്യസ്ഥാപനങ്ങൾ (ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി./ഐ.ടി.ഐ. കോളേജുകൾ, അംഗവൻവാടി, വയൽ വരമ്പ്) എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും സുരക്ഷിത പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു.

**ഉല്പാദനോപാധികളുടെ ലഭ്യത**

ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫാമുകൾ, 'എ' ഗ്രേഡ് ക്ലസ്റ്റർ മാർക്കറ്റുകൾ, ബ്ലോക്ക് ലെവൽ നഴ്സറികൾ, ചെറിയ നഴ്സറികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ എന്നിവ മുഖാന്തിരം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുകയും അത്തരത്തിൽ 2.5 ലക്ഷം വിത്തുപായ്ക്കറ്റുകളും 185 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുകയുണ്ടായി. മറ്റുല്പാദനോപാധികളായ ജൈവ വളങ്ങൾ, ചെറിയ കാർഷികോപകരണങ്ങൾ, ജൈവകീടനാശിനി തുടങ്ങിയവ ന്യായവിലയ്ക്ക് ഇക്കോ-ഷോപ്പ്, ഹരിത ഗ്രൂപ്പ്, അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുന്നു.

| | |
|---|---|
| ബി) തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | ബി) "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, മാധ്യമ പ്രവർത്തകർ, വിദ്യാർത്ഥികൾ,യുവജനങ്ങൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ . മുഖേന വിത്തു പായ്ക്കറ്റുകൾ, പച്ചക്കറി തൈകൾ എന്നിവ നൽകി കൃഷി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| ക്രമ നം. | ഘടകങ്ങൾ | എണ്ണം |
|---|---|---|
| 1 | വിത്തു പായ്ക്കറ്റുകൾ | 30,000 |
| 2 | പച്ചക്കറി തൈകൾ | 7,93,685 |
| 3 | പോഷകത്തോട്ടം | 1,500 |
| 4 | ബഹുവർഷ വിളകൾ | 4,500 |
| 5 | മാതൃകാത്തോട്ടം | 622 |
| 6 | കൃഷി പാഠശാല | 106 |
| 7 | ക്യാമ്പയിൻ | 279 |
| 8 | ട്രെയിനിംഗ് | 102 |

Maya P

**സെക്ഷൻ ഓഫീസർ**